പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 232

# 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 232

# 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

1123/2019.

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 232

# 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ രോഗനിർണ്ണയത്തിനോ, ചികിത്സയ്ക്കോ, തുടർ ചികിത്സയ്ക്കോ എത്തുന്നവർക്ക് ലഭ്യമാകേണ്ട സേവനങ്ങൾക്കും അതിന് ആനുഷംഗികമായ കാര്യങ്ങൾക്കും വേണ്ടി 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ പരിശോധനകൾക്കോ ചികിത്സയ്ക്കോ, തുടർ ചികിത്സയ്ക്കോ വേണ്ടി എത്തുന്നവർക്ക് ലഭ്യമാകേണ്ട സേവനങ്ങളും, സൗകര്യങ്ങളും, അവകാശങ്ങളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ, വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 40-ാം വകുപ്പിനു ശേഷം കൂട്ടിച്ചേർക്കുന്ന പുതിയ വകുപ്പുകൾ.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2) 40-ാം

വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതും അപ്രകാരം ചേർത്തതിനുശേഷം ശേഷിക്കുന്നവ തദനുസൃതമായി പുനരക്കം ചെയ്യേണ്ടതുമാണ്, അതായത്:—

(1) "41. രണ്ടാം അഭിപ്രായം തേടാനുള്ള അവകാശം.—എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അവിടെ രോഗനിർണ്ണയ പരിശോധനകൾക്കോ, രോഗനിർണ്ണയത്തിനോ, ചികിത്സയ്ക്കോ, തുടർചികിത്സയ്ക്കോ, വിദഗ്ദ്ധോപദേശത്തിനോ മറ്റെന്തെങ്കിലും പരിശോധനകൾക്കോ വേണ്ടി എത്തുന്ന രോഗികൾക്കോ, രോഗിയുടെ ബന്ധുക്കൾക്കോ, കൂട്ടിരിപ്പുക്കാർക്കോ, അല്ലെങ്കിൽ രോഗി നിർദ്ദേശിക്കുന്നയാൾക്കോ മറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് രണ്ടാം അഭിപ്രായം ആരായുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിയ്ക്കേണ്ടതും അവകാശം മാനിക്കേണ്ടതും രോഗികളോ, അവരുടെ ബന്ധുക്കളോ, കൂട്ടിരിപ്പുക്കാരോ, അല്ലെങ്കിൽ രോഗി നിർദ്ദേശിക്കുന്നയാളോ രണ്ടാം അഭിപ്രായം തേടുന്ന സംഗതിയിൽ, അപ്രകാരമുള്ള രോഗികളെ സംബന്ധിച്ച ബന്ധപ്പെട്ട എല്ലാ രേഖകളും രണ്ടാം അഭിപ്രായം നൽകുന്ന ക്ലിനിക്കൽ സ്ഥാപനത്തിന് കൈമാറേണ്ടതും അപ്രകാരം രണ്ടാം അഭിപ്രായം ആരായുന്നതിൽ നിന്ന് യാതൊരു ക്ലിനിക്കൽ സ്ഥാപനവും രോഗികളെയോ, അവരുടെ ബന്ധുക്കളെയോ കൂട്ടിരിപ്പുക്കാരെയോ അല്ലെങ്കിൽ രോഗി നിർദ്ദേശിക്കുന്ന ആളെയോ നിരുത്സാഹപ്പെടുത്താനോ തടയാനോ പാടില്ലാത്തതും ഏതെങ്കിലും കാരണവശാൽ രണ്ടാം അഭിപ്രായം തേടിയതിനുശേഷം രോഗിയോ, ബന്ധുക്കളോ, കൂട്ടിരിപ്പുക്കാരോ അല്ലെങ്കിൽ രോഗി നിർദ്ദേശിക്കുന്ന ആളോ ആദ്യത്തെ ക്ലിനിക്കൽ സ്ഥാപനത്തിൽ തന്നെ ചികിത്സയോ തുടർ ചികിത്സയോ തേടാനോ, രോഗ നിർണ്ണയ പരിശോധനകൾ നടത്താനോ തീരുമാനിക്കുന്ന പക്ഷം പ്രസ്തുത കാര്യങ്ങൾക്കാവശ്യമായ സേവനങ്ങളോ ചികിത്സയോ രണ്ടും കൂടിയോ പ്രദാനം ചെയ്യാൻ പ്രസ്തുത ക്ലിനിക്കൽ സ്ഥാപനം ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്."

(2) "42. ബദൽ ചികിത്സാ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള അവകാശം.—ക്ലിനിക്കൽ സ്ഥാപനത്തിൽ രോഗ നിർണ്ണയത്തിനോ, ചികിത്സയ്ക്കോ, തുടർചികിത്സയ്ക്കോ മറ്റെന്തെങ്കിലും പരിശോധനകൾക്കോ എത്തുന്ന രോഗിയെയോ, ബന്ധുക്കളെയോ, കൂട്ടിരുപ്പുക്കാരെയോ, അല്ലെങ്കിൽ രോഗി നിർദ്ദേശിക്കുന്ന ആളെയോ അതതുസംഗതിപോലെ, പ്രസ്തുത ക്ലിനിക്കൽ സ്ഥാപനത്തിലെ ജീവനക്കാരും ഡോക്ടർമാരും ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവർ രോഗിയ്ക്കാവശ്യമായ രോഗനിർണ്ണയമോ, ചികിത്സയോ, തുടർചികിത്സയോ മറ്റെന്തെങ്കിലും പരിശോധനയോ സംബന്ധിച്ച് ലഭ്യമായ എല്ലാ സാധ്യതകളും, വിവരങ്ങളും ബദൽ മാർഗ്ഗങ്ങളും അറിയിക്കേണ്ടതും അപ്രകാരമുള്ള ബദൽ മാർഗ്ഗങ്ങൾ മനസ്സിലാക്കിയശേഷം

പ്രസ്തുത ക്ലിനിക്കൽ സ്ഥാപനം നൽകിയ മുൻഗണന പ്രകാരമോ അല്ലാതെയോ, അവ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ബദൽ മാർഗ്ഗങ്ങൾ ആരായുന്നവർക്ക് അവകാശവും സ്വാതന്ത്ര്യവുമുണ്ടായിരിക്കുന്നതുമാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ രോഗനിർണ്ണയം, പരിശോധനകൾ, ചികിത്സ, തുടർചികിത്സ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് പ്രസ്തുത ആവശ്യങ്ങൾ കൂടുതൽ കാര്യക്ഷമമായും സൂക്ഷ്മമായും നിർവ്വഹിക്കുന്നതിന് സഹായകരമാകും വിധം ഒരു രണ്ടാം അഭിപ്രായമോ, ഉപദേശമോ സ്വതന്ത്രമായി ലഭിക്കാൻ പലവിധ പ്രായോഗിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടേണ്ടി വരുന്നുണ്ട്. പല സാഹചര്യങ്ങളിലും, ഒരു രോഗി, ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ എത്തിച്ചേർന്ന് പലവിധ പരിശോധനകൾ നടത്തിക്കഴിയുമ്പോൾ ബദൽ മാർഗ്ഗങ്ങൾ തേടാനുള്ള സാധ്യതകളിൽ നിന്ന് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം നിരുത്സാഹപ്പെടുത്തപ്പെടുകയോ, പിന്തിരിപ്പിക്കപ്പെടുകയോ ചെയ്യാറുണ്ട്. പലപ്പോഴും രോഗിയ്ക്കോ ബന്ധുക്കൾക്കോ, കൂട്ടിരിപ്പുകാർക്കോ അല്ലെങ്കിൽ രോഗി നിർദ്ദേശിക്കുന്ന ആൾക്കോ ലഭിക്കുന്ന രണ്ടാം അഭിപ്രായം, ബദൽ മാർഗ്ഗങ്ങളെ സംബന്ധിച്ച അറിവ് എന്നിവ രോഗനിർണ്ണയം, രോഗപരിശോധന, ചികിത്സ, തുടർചികിത്സ എന്നീ കാര്യങ്ങളിൽ നിർണ്ണായക ഘടകങ്ങളായി തീരാറുമുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ രോഗികൾക്ക് ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നതിലേയ്ക്കായി പ്രസ്തുത ഘടകങ്ങൾ ഉൾച്ചേർത്ത് ആയതിലേയ്ക്കാവശ്യമായ ഭേദഗതി മൂലനിയമത്തിൽ വരുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

അനൂപ് ജേക്കബ്, എം. എൽ. എ.